ആധുനികമലയാളഗദ്യത്തിന്റെ ആദ്യ മാതൃകകൾ

അഥവാ

വൈയാകരണൻ ഗീവറുഗീസുകത്തനാരും അദ്ദേഹത്തിന്റെ ഗദ്യകൃതികളും.

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

II

(തുടർച്ച)

ഇങ്ങനെ മേല്പോട്ടു കേറിക്കേറി പോയാൽ ഒരു ആരംഭത്തിങ്കൽ ചെന്നു നിൽക്കണം. ഈ വ്യവഹാരം ന്യായവിഹിതമെന്ന് എല്ലാ ദർശനക്കാരും സമ്മതിക്കുന്നില്ലയോ?" (ഒരു സംവാദം, പുറം 23.) "വ്യാപാരശലക്ഷ്യങ്ങളോടുകൂടിയ അസംഖ്യം വസ്തുക്കൾകൊണ്ടു് അഖിലാണ്ഡം നിറഞ്ഞിരിക്കുന്നു. നിർജ്ജീവപദാർത്ഥങ്ങൾ മനുഷ്യരുടെ ഉപകാരത്തിനു കൊള്ളുവാൻ തക്കവണ്ണം പല ഗുണങ്ങൾ ഉള്ളവയായിരിക്കുന്നു. വൈശേഷികന്മാരുടെ അർത്ഥത്തിൽ ആവുന്ന ഗുണങ്ങൾ എന്നതിനെ ഞാൻ ഇവിടെ പ്രയോഗിക്കുന്നതു്. കൽക്കരി എരിയുന്നു. കളിമണ്ണു കലവും കുടവുമാകുന്നു. ജലം വെടിപ്പാക്കുന്നു. ലോഹാദി തീയാൽ ഉരുകുന്നു. പിന്നെ ജീവജാലങ്ങൾ തങ്ങളുടെ വളർച്ചയ്ക്കും വർദ്ധനവിനും വേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന അതിശയവ്യൂഹനത്താൽ വിശേഷപ്പെട്ടിരിക്കുന്നു. വൃക്ഷങ്ങൾ, തങ്ങളിൽ നിറഞ്ഞിരിക്കുന്ന അസംഖ്യമായ സിരകളിലെ ദ്രവംകൊണ്ടു വളരുന്നു. മുളയും പൂവും ഫലത്തിനു വഴി ഒരുക്കുന്നു. കുതിര, മാട്, ആന, ഒട്ടകം എന്നിവ തങ്ങളുടെ ശക്തിയും ചൊടിപ്പും മൂലം തങ്ങൾക്കു മനുഷ്യർ നിശ്ചയിക്കുന്ന വിവിധമായ വേലകൾക്കു കൊള്ളുന്നവയായിരിക്കുന്നു. ഈ സംഗതികളിൽനിന്നു നാം മുറയ്ക്കു് അനുമാനിക്കേണ്ടതു് എന്തു്? ഒരു സചേതനഭൂതത്താൽ—അവ ഉളവായതാകുന്നു എന്നത ന്യായമല്ലയോ? നിശ്ചേതനപ്രകൃതിക്കു് അയസ്കാന്തത്താൽ എന്നപോലെ ആകർഷിക്കപ്പെടുകയോ, പാല് ജനിപ്പിക്കുന്നതിൽ പശുവിന്റെ അകിടു് എന്നപോലെ വ്യാപരിക്കപ്പെടുകയോ ചെയ്യുന്നതിനാൽ ഈ വസ്തുക്കളെ ഒന്നെങ്കിലും ഉണ്ടാക്കുവാൻ കഴിയുമോ? അതു് അസാദ്ധ്യംതന്നെ. എല്ലാ മനുഷ്യനും ഓരോ കൈക്കു് അഞ്ചു വിരലുള്ളതെന്തു്? എല്ലാവനും ഈരണ്ടു കണ്ണുള്ളതു കാലിൽ ആകാതെ തലയിൽ ഇരിക്കുന്നതെന്തു്? അവനു രണ്ടു ചെവിയുള്ളതു തലയുടെ മുകളിൽ ആകാതെ ഇരുവശത്തും ആയിരിക്കുന്നതെന്തു്? ഫലവൃക്ഷങ്ങൾ എപ്പോഴും ഒരുതരം ഫലംതന്നെ കായിക്കുന്നതെന്തു്? മാവേൽ മാങ്ങായും വാഴേൽ വാഴക്കായും അല്ലാതെ ഉണ്ടാവുന്നില്ല. നെല്ലു വിതച്ചാൽ ചാമ വിളയുന്നതില്ല. കറുത്ത നൂൽകൊണ്ടു നെയ്താൽ കറുപ്പുശീലയേ കിട്ടത്തുള്ളൂ. ലോകത്തിൽ മുഴുവനും ക്രമവും ചട്ടവും ആകുന്നു നടക്കുന്നതു്. വെളിച്ചവും ഉഷ്ണവും വീശുന്നതിനു സൂര്യൻ ദിവസംതോറും കിഴക്കു് ഉദിക്കുന്നു. ചന്ദ്രൻ തന്റെ വെണ്മയുള്ള ബിംബത്തെ രാത്രിയിലെ കാണിക്കുന്നുള്ളൂ. ആകയാൽ മനുഷ്യരുടെ ഗുണത്തിനും സുഖത്തിനുമായിട്ടു ക്രമവും ഭംഗിയും വ്യാപദേശവുംകൊണ്ടു ലോകം നിറഞ്ഞിരിക്കുന്നുവെന്നു നാം കാണുന്നു. അതു് അങ്ങനെ ആയിരിക്കുന്നതു ചൈതന്യവും ബുദ്ധിയുമുള്ള ഒരു ഭൂതത്താൽ നിർമ്മിതമായിരിക്കുന്നതിനാൽതന്നെ ആകുന്നു. ഈ വ്യാപദേശങ്ങളുടെയും വേലകളുടെയും വിസ്തീർണ്ണതയിൽനിന്നു് ഈ സചേതനകർത്താവിന്റെ മഹത്വത്തെയും നമുക്കു കണ്ടുകൊള്ളാം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെക്കുറിച്ചു ന്യായത്തിലും വൈശേഷികത്തിലും യോഗത്തിലും കാണുന്ന ഉക്തികൾ സത്യത്തിനു വിരോധമായിരിക്കുന്നില്ലെങ്കിലും അവന്റെ തേജസ്സിനും മഹിമയ്ക്കും തക്കതല്ലായ്കയാൽ ആക്ഷേപിക്കേണ്ടതായിരിക്കുന്നു. ഈ സംഗതിയെക്കുറിച്ചു പതഞ്ജലിയാൽ ചൊല്ലപ്പെട്ട അഭിപ്രായമെന്തെന്നു ഞങ്ങളോടു പറഞ്ഞുകേൾപ്പിക്കുമോ പണ്ഡിതരേ." (ഒരു സംവാദം. പുറം 27, 28.)

"ഹേതുഫലത്തെക്കുറിച്ചു ഞങ്ങളുടെ വിജ്ഞാനികൾ അഭിന്നമതമായിരിക്കുന്നില്ല. മാന്യനായ വാചസ്പതി നാലു മതങ്ങളെ വിവരിക്കുന്നു. (1) ഉള്ളതു് ഇല്ലാത്തതിൽനിന്നു വരാമെന്നു ചിലർ പറയുന്നു. (2) ഇപ്പോൾ ഉണ്ടാകുന്നതു മുമ്പേയുള്ളതിന്റെ ഒരു മാറ്റം മാത്രമാകുന്നു എന്നു ചിലർ പറയുന്നു. (3) ഉള്ളതിൽനിന്നു് ഇല്ലാത്തതു് ഉണ്ടാകാമെന്നു ചിലർ പറയുന്നു. (4) ഉള്ളതിൽനിന്നു ഉള്ളതു വരുന്നു എന്നു പൂർവ്വന്മാരുടെ വാദം. ഹിന്ദുവിജ്ഞാനികളിൽ അധികംപേർ ഈ ഒടുക്കം പറഞ്ഞതാകുന്നു സ്വീകരിക്കുന്നതു്. സർവ്വലോകങ്ങളിലും കൂടെ ഒരു ഭൂതമല്ലാതെ രണ്ടില്ലെന്നു വേദാന്തികൾ വാദിക്കുന്നതാകയാൽ അവരുടെ ഈ അദ്വൈതം നിമിത്തം അവർ ഈ തർക്കത്തെ അത്ര സാരമാക്കുന്നില്ല. എന്നാൽ ന്യായവും സാംഖ്യവും, പലവിധമായ ഹേതുക്കളെ തരംതിരിക്കയും, അവയുടെ വ്യാപാരത്തിനുള്ള പ്രമാണങ്ങളെ വിവരപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ രണ്ടുവക കാരണങ്ങൾ ഉണ്ടെന്നു ന്യായം പഠിപ്പിക്കുന്നു. സാധാരണ കാരണം കാര്യങ്ങളെ സംഭവിപ്പിക്കുന്ന കർത്തൃകാരണംതന്നെ. പ്രത്യേക കാരണങ്ങളിൽ നെയ്ത്തുകാരന്റെ പടപ്പുതടിയെന്നപോലെ നിമിത്തകാരണങ്ങളും, മുണ്ടിന്റെ നൂൽ എന്നപോലെ സമവായി കാരണവും, സമവായി കാരണങ്ങളുടെ സന്ധിയാകുന്ന അസമവായി കാരണവും ഉൾപ്പെട്ടിരിക്കുന്നു. ഒടുക്കം പറഞ്ഞതു ന്യായദർശനത്തിനു തനതാകുന്നു. സാംഖ്യം പ്രത്യേകം മൂന്നു കാരണങ്ങളെ പറയുന്നു: കുടത്തിനു കുശവനെന്നപോലെ കർത്തൃകാരണവും, ചക്രം എന്നപോലെ കാരണകാരണവും, മണ്ണു് എന്നപോലെ ഉപാദാനകാരണവും തന്നെ. ന്യായത്തിലെ അസമവായി കാരണത്തെ തള്ളിയാൽ രണ്ടിലും പറയുന്ന ശേഷം മൂന്നു കാരണങ്ങളും അർത്ഥത്തിൽ ഏകീഭവിച്ചിരിക്കുന്നു; നാമത്തിലേ വ്യത്യാസപ്പെട്ടിരുന്നുള്ളൂ." (പുറം 13)

3. സംയുക്തി—ഇതു് ഇംഗ്ലീഷുഭാഷയിലെ സുപ്രസിദ്ധ പ്രബന്ധകൃതികളിൽ ഒന്നായ "ബട്ട്ലേഴ്സ് അനാളജി" എന്ന ഗ്രന്ഥത്തിന്റെ ഒരു സ്വതന്ത്രതർജ്ജമയാണു്. ആവിയായി പരിണമിപ്പാൻ എളുപ്പമുള്ള ഒരു ആസവസാരത്തെ ഒരു കുപ്പിയിൽനിന്നു വേറൊരു കുപ്പിയിലേക്കു് ഒട്ടുംതന്നെ നഷ്ടംകൂടാത്ത വിധം പകരുന്നെടത്തോളമോ, അതിൽ കൂടുതലായിട്ടോ ഉള്ള പ്രയാസമാണു ശാസ്ത്രീയഗ്രന്ഥതർജ്ജമയിൽ ഗ്രന്ഥകാരന്മാരും സഹിക്കേണ്ടിവരുന്നതു്. ഗീവറുഗീസുകത്തനാർ അവർകൾ മലയാളഭാഷയിൽ ആദ്യമായി ശാസ്ത്രീയഗ്രന്ഥം തർജ്ജമ ചെയ്യുന്ന കാലത്തു നമ്മുടെ മാതൃഭാഷ സാങ്കേതികമായും ശാസ്ത്രീയമായും എത്രമാത്രം പദദാരിദ്ര്യം അനുഭവിച്ചിരുന്നുവെന്നു വായനക്കാരോടു ഞാൻ വിശേഷിച്ചു പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. കത്തനാർ അവർകൾ "ഒരു സംവാദം" എന്ന ശാസ്ത്രീയമതവ്യവഹാരഗ്രന്ഥം തർജ്ജമ ചെയ്തു നാലു വർഷം കഴിഞ്ഞതിനുശേഷം മാത്രമാണു റവ: ബെയിലി സായ്പിന്റെ ഇംഗ്ലീഷ് മലയാളനിഘണ്ടുതന്നെയും പുറപ്പെട്ടതു്. മലയാളഭാഷയ്ക്കു് ഏതാണ്ടൊക്കെ കൊഴുപ്പും തഴപ്പും കൈവന്നിട്ടുള്ള ഇക്കാലത്തുപോലും ശാസ്ത്രീയഗ്രന്ഥതർജ്ജമ കൃച്ഛ്രസാദ്ധ്യമായിരിക്കുന്ന സ്ഥിതിക്കു, ശാസ്ത്രീയഗദ്യസാഹിത്യത്തിനു പിള്ളത്തൊട്ടിൽകൊണ്ടെങ്കിലും പിച്ചപ്പിച്ച നടക്കുന്നതിനു പിടിപ്പില്ലാതിരുന്ന അറുപതോളം വർഷം മുമ്പു് ഇംഗ്ലീഷുഭാഷയിലെ ഒന്നുരണ്ടു പ്രൗഢഗ്രന്ഥങ്ങൾ സ്വഭാഷയിലേക്കു തർജ്ജമ ചെയ്തു മലയാളഭാഷാപോഷണം മുഖേനയും പരോപകാരം വേണ്ടുവോളം സാധിച്ച ഒരു പച്ചകേരളീയനായ നസ്രാണിവൈദികന്റെ വിശിഷ്ടനാമത്തെ മായിച്ചുകളയുന്നതിനോ മറച്ചുവയ്ക്കുന്നതിനോ മനുഷ്യഹൃദയമുള്ള മലയാളികൾക്കു മനസ്സുണ്ടാവുമോ എന്നു സംശയമാണു്.

കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മൈനർ പ്രായത്തിൽനിന്നു മേജർ പ്രായത്തിലേക്കു തൃക്കാൽ വയ്ക്കുന്നതായ ഒരു കാലഘട്ടത്തിൽ ഗീവറുഗീസുകത്തനാർ അവർകളുടെ ഗദ്യരീതി ഏതു വിധമായിരുന്നുവെന്നു കാണിപ്പാൻ "സംയുക്തി"യിൽനിന്നു ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിക്കാം.

"യുക്തിസിദ്ധിയുടെ സാരാംശം സമാനം എന്ന പദാർത്ഥത്തിൽ അടങ്ങിയിരിക്കുന്നു. അതായതു സ്വഭാവത്തിൽ ആകട്ടെ, ലക്ഷണങ്ങളിൽ ആകട്ടെ, സാഹചര്യങ്ങളിൽ ആകട്ടെ സാദൃശ്യത്തോടു സമമായിരിക്കുന്നതു തന്നെ. എന്തെന്നാൽ നാം ഒരു കാര്യം ഉള്ളതെന്നും, സംഭവിച്ചതോ സംഭവിപ്പതോ എന്നും നിശ്ചയിക്കുന്നതു സംഭവിച്ചതായി നാം കണ്ടിരിക്കുന്ന മറ്റു ചില സംഗതികളോടു ചില ചേർച്ച തോന്നുകയാലാകുന്നു. ഇങ്ങനെ തോന്നുന്നതിൽനിന്നത്രെ ഒരു കാര്യം ഇന്ന സമയത്തും, സ്ഥലത്തും, പടുതിയിലും, ഭവിച്ചു എന്നെങ്കിലും ഭവിക്കും എന്നെങ്കിലും നാം സങ്കല്പിക്കുന്നതു്. അതു ചിലപ്പോൾ മാത്രം ഭവിച്ചിട്ടുള്ളതായിക്കണ്ടാൽ ഊഹവും, മിക്കപ്പോഴുമായിരുന്നാൽ അഭിപ്രായവും, എല്ലായ്പോഴുമായിരുന്നാൽ മുഴുസമ്മതവും മനസ്സിൽ തോന്നിക്കും. ഇങ്ങനെ ഒരു ശിശു, ഇരുപതു വയസ്സുവരെ ഇരുന്നാൽ അതിനു പ്രൗഢമനുഷ്യനൊത്ത പൊക്കവും ബലവും വരുമെന്നും, ഭക്ഷണം അതിന്റെ ജീവരക്ഷയ്ക്കു് ഉപകരിക്കുമെന്നും, ഇത്ര ദിവസത്തേക്കു ഉപജീവനം കൂടാതെ പാർത്താൽ, അതിനു പ്രാണഹാനി വരുമെന്നും നാം വിശ്വസിക്കുന്നു. അങ്ങനെതന്നെ നാം ഏല്ക്കുന്ന വേലകൾ സാധിക്കുമോ ഇല്ലയോ എന്നു വിശ്വസിക്കുന്നതിനുള്ള പ്രമാണത്തിനും, ഇന്നിന്ന പാങ്ങിൽ ശേഷംപേർ ഇന്നിന്ന പ്രകാരമൊക്കെയും ചെയ്യുമെന്നുള്ള സങ്കല്പനത്തിനും, ഇന്ന ഹേത്വന്തരത്തിൽനിന്നു് ഇന്ന വിധത്തിലുള്ള ക്രിയകൾ ഉത്ഭവിക്കുമെന്നുള്ള നിർണ്ണയത്തിനും, ഇവയെല്ലാം ആധാരം നമ്മെ സംബന്ധിച്ചെങ്കിലും മറ്റുള്ളവരെ സംബന്ധിച്ചെങ്കിലും, നാം വിശ്വസിക്കയും സങ്കല്പിക്കയും നിർണ്ണയിക്കയും ചെയ്യുന്നവയ്ക്കു സമമായി ചില സംഭവങ്ങളെ കണ്ടറിഞ്ഞിരിക്കുന്നതാകുന്നു. ഉഷ്ണദേശത്തു മാത്രം പാർത്തു ശീലിച്ചിട്ടുള്ള ഒരു പ്രഭു ജലം എപ്പോഴും നീരുപോലെ ദ്രവരൂപമായി മാത്രം കണ്ടിട്ടുണ്ടായിരുന്നതിനാൽ അതു കല്ലുപോലെ കട്ടിയായ ഘനദ്രവ്യമായിത്തീരും എന്നു ഒരിക്കലും അങ്ങനെ വരത്തില്ലെന്നു നിശ്ചയിച്ചതു യുക്താർത്ഥം തന്നെ. എന്നാൽ ശീതദേശങ്ങളിൽ പാർത്തിട്ടുള്ളവർ അക്കാര്യം അസാദ്ധ്യമല്ലെന്നും, എന്റെ രാജ്യത്തു വരുന്ന മകരമാസത്തിൽ ഇന്ന ദിവസം ഇതുണ്ടാകുമെന്നതു സംഭാവ്യവും, ആ മാസത്തിൽ എന്നെങ്കിലും ഒരിക്കൽ ഉണ്ടാകുമെന്നതു യുക്താർത്ഥവും, ശീതകാലത്തിൽ പല്ലപ്പോഴും ഒരു സമയത്തു് ഉണ്ടാകും എന്നതു ന്യായനിശ്ചയവും ആകുന്നു എന്നു യുക്തികൊണ്ടുതന്നെ നിർണ്ണയിക്കുന്നു." (പുറം 4.)

"മരണം ജീവഗുണങ്ങളുടെ നാശമാകുന്നു" എന്നുള്ള ചിന്ത മുഴുവനും ആ ഗുണങ്ങൾ സമാനവും വിഭജ്യവും എന്നുള്ള നിയോഗത്തിൽനിന്നു വന്നതായിരിക്കണം. എന്നാൽ സ്വബോധം ഏകാന്തവും, നിർദ്ദേശ്യവുമായ ഒരു ഗുണമാകയാൽ അതിനെ വഹിക്കുന്ന ഗുണിയും അങ്ങനെതന്നെ ആയിരിക്കണം. ദൃഷ്ടാന്തപ്പെടുത്തണം എങ്കിൽ ഒരു ഭൂതാണുവിന്റെ ഗതി കേവലം ഏകാന്തവും അനംശ്യവുമാകയാൽ അതിൽ ഒരു ഭാഗത്തിനു ഗതിയും മറുഭാഗത്തിനു സ്ഥിതിയുമായിരിക്ക അസംഭാവ്യം എന്നിരുന്നാൽ ഗതി ചെയ്യുന്ന വസ്തുവും ഏകാന്തമായും അനംശ്യമായും ഇരിക്കേണം. എന്തെന്നാൽ അതിനെ രണ്ടായി വിഭാഗിപ്പാൻ കഴിയുമെങ്കിൽ അതിൽ ഒരു ഭാഗം ഇരിക്കെ, മറ്റേ ഭാഗത്തിനു ഗതി ചെയ്യാം എന്നു വരും. അങ്ങനെതന്നെ നാം ഇരിക്കുന്നു എന്നുള്ള സ്വബോധം, അതിൽ ഏതാനും ഇവിടെയും, ഏതാനും അവിടെയും എന്നു വരിക അന്യോന്യം വിപരീതമാകത്തക്കവണ്ണം അനംശ്യമെന്നിരുന്നാൽ സ്വബോധമെന്ന ഗുണവും, അങ്ങനെതന്നെ അതു വസിക്കുന്ന ഗുണിയും അനംശ്യമായിരിക്കേണം. ആകയാൽ നമ്മിൽ ഓരോരുത്തൻ ഞാൻ എന്നു വിചാരിക്കുന്ന ജീവകർമ്മി ഏകാന്തം എന്നിരിക്കട്ടെ—അതിനെ സമാസമെന്നു നിരൂപിക്കുന്നതിനെക്കാൾ ഏകാന്തമെന്നു കരുതുന്നതു പ്രയാസക്കുറവുള്ളതും മേല്പറഞ്ഞ സാക്ഷ്യമുള്ളതുമാകയാൽ, ഏകാന്തമെന്നിരിക്കട്ടെ. അങ്ങനായാൽ നമ്മുടെ ചുറ്റുമിരിക്കുന്ന മറ്റു ഭൂതങ്ങളെപ്പോലല്ലാതെ നമ്മുടെ ഇന്ദ്രിയസ്ഥാപിതശരീരങ്ങൾ നാം എങ്കിലും നമ്മിൽ ഒരംശമെങ്കിലും ആകത്തില്ലെന്നു വരും. നമ്മിൽ ഒരു ഭാഗമല്ലാത്ത ഭൂതങ്ങൾക്കു നമ്മുടെ ഇപ്പോഴത്തെ ശരീരം, നമ്മുടെ വകയായിരിക്കുന്ന പ്രകാരത്തിൽ, നമുക്കുള്ള വകയായിത്തീരാം. എന്നു വല്ല വസ്തുവിന്മേലും നമുക്കു് അനുണ്ടാകയോ, അതു നമുക്കു ഗ്രഹണത്തിനു ഹേതുവാകയോ ചെയ്യും എന്നു ന[...]വിക്കുന്നിടത്തോളം എളുപ്പമാകുന്നു. [...]ക്കു ശരീരത്തിൽ. എന്നപോലെ ശരീ[...] വിട്ടു വസിക്കയും, ഈ ശരീരത്തിലുള്ള[...]തിൽനിന്നു വിരെ വ്യത്യാസമായ ഗുണങ്ങളും, ഇന്ദ്രിയങ്ങളും ഉള്ള ശരീരം പ്രാപിക്കയും, ഈ ശരീരത്തിൽ നാം ഇപ്പോൾ ഇരിക്കുന്നതുപോലെ മറ്റു ശരീരങ്ങളിൽ എങ്കിലും, ചില ഭാവഭേദം വന്നിട്ടു ഇതിൽതന്നെ എങ്കിലു, വാഴുകയും ചെയ്യാം എന്നുള്ളതു സംഭാവ്യം എന്നു കാണാകുന്നതു തന്നെ. നാം പല തരമായ ശരീരത്തിൽ പാർത്തിട്ടു് അവയെല്ലാം നശിച്ചാൽ, ആ നാശം ജീവകർമ്മികളായ നമ്മെയാകട്ടെ, ജ്ഞാനത്തിനും, കർമ്മത്തിനുമുള്ള ഗുണങ്ങളായ ജീവഗുണങ്ങളെയാകട്ടെ യാതൊരു വിധത്തിലും നാശത്തിൽ ഉൾപ്പെടുത്തുകയില്ല. നമുക്കു ഗ്രഹണത്തിനു മുഖാന്തരമായി ജീവസവൃത്തിയിൽ പ്രയോഗമുള്ളതായ മറ്റു വസ്തുക്കളുടെ നാശംപോലെ മാത്രമേ അതിനെ വിചാരിപ്പാനുള്ളൂ." (പുറം 15) "യുക്തിസിദ്ധിയുടെ സ്വഭാവത്തെയും ആധാരത്തെയും അളവിനെയുംകുറിച്ചു് ഇനി അധിക

[...]ഹാരങ്ങളെ അവിടെനിന്നു മാറ്റണമെന്നും അല്ലെങ്കിൽ ഗുരുതരാപത്തുകൾ ജീവാപായംപോലും നേരിടുമെന്നും അവർ ഗവൺമെന്റിനെ അറിയിച്ചു. ഗവൺമെന്റു,

---

മായിട്ടു വിസ്തരിപ്പാനാകട്ടെ, സമാനത മനുഷ്യബുദ്ധിയിൽ ഊഹത്തെയും അഭിപ്രായത്തെയും മുഴുസമ്മതത്തെയും വരുത്തുന്നതു് എങ്ങനെ എന്നു ശോധന ചെയ്‌വാനാകട്ടെ, യുക്താത്മകവ്യവഹാരങ്ങളിൽ ഉണ്ടാകുന്ന അബദ്ധങ്ങളെ തെളിയിച്ചുകാട്ടി ഓർമ്മപ്പെടുത്തുവാനാകട്ടെ, ഞാൻ ഭാവിക്കുന്നില്ല. അതു തർക്കശാസ്ത്രത്തിൽ ഒരു വിഷയമാകുന്നു. ആ ശാസ്ത്രത്തിൽ ഈ ഒരു കാര്യം ഇതുവരെയും വേണ്ടുംപ്രകാരം വിസ്തരിച്ചു തെളിവാക്കപ്പെട്ടിട്ടുമില്ല. യുക്താർത്ഥകവ്യവഹാരത്തിന്റെ ആകൃതിയും വലിപ്പവും പ്രബലതയും എങ്ങനെയെല്ലാം പകതിരിച്ചു ക്ലിപ്തപ്പെടുത്തണം എന്നുള്ളതിനെ ഞാൻ പ്രബന്ധിക്കുന്നില്ല. (പുറം 5)